ഈ നിലപാട് തന്നെയാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിലും കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളത്. ഇതല്ലാതെ ഇൻസെന്റീവ് വാങ്ങി മദ്യം ഏതെങ്കിലും കമ്പനിയിൽ നിന്ന് വാങ്ങിയാൽ അത് തികച്ചും നിയമവിരുദ്ധമായിരിക്കും. എന്നു മാത്രമല്ല, കോർപ്പറേഷന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുന്നതുമായിരിക്കും. ഉദാഹരണത്തിന് 100 ലക്ഷം കെയ്സ് മദ്യം കെ.എസ്.ബി.സി. ഇൻസെന്റീവ് പ്രകാരം വാങ്ങിയെന്നിരിക്കട്ടെ. ഒരു കെയ്സിന് 40 രൂപ പ്രകാരം ഇൻസെന്റീവ് കിട്ടിയാൽ 40 കോടി രൂപയായിരിക്കും ഈ ഇനത്തിൽ കിട്ടുക. ഇങ്ങനെ വാങ്ങിയ മദ്യത്തിന്റെ 10 ശതമാനം (പത്തു ലക്ഷം കെയ്സ്) കേടാകുകയോ, വിൽപ്പന നടത്താൻ കഴിയാതെ വരുകയോ ചെയ്താൽ കോർപ്പറേഷനുണ്ടാകുന്ന നഷ്ടം 150 കോടി രൂപയോളം വരും. അതായത് ഇൻസെന്റീവ് വാങ്ങുന്നത് കെ.എസ്.ബി.സി.-യെ പോലെയുള്ള ഒരു പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം നിയമ വിരുദ്ധമാണെന്ന് മാത്രമല്ല, അടിസ്ഥാനപരമായ മാനേജ്മെന്റ് തത്വങ്ങൾക്കെതിരുമാണ്.

കോർപ്പറേഷന്റെ സാമ്പത്തികവും, സ്വത്തിന്റെ നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങൾ വർഷാവർഷം അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് നടത്തുകയും, ആഡിറ്റിന്റെ റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇതുവരെയും കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ എന്തെങ്കിലും സാമ്പത്തിക ക്രമക്കേട് നടത്തിയതായിട്ട് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടുകളിൽ ഒന്നിൽപ്പോലും പരാമർശിച്ചിട്ടില്ല.

ബിവറേജസ് കോർപ്പറേഷൻവഴി വിറ്റഴിച്ച മദ്യം

113 [276] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ വഴി 2003-2004 സാമ്പത്തികവർഷത്തിൽ വിറ്റഴിച്ച വിദേശമദ്യം എത്രയാണെന്ന് വ്യക്തമാക്കുമോ; ഇവയുടെ ഇനം തിരിച്ചുള്ള വിറ്റുവരവ് എത്രയാണ്;

(ബി) 2003-2004 സാമ്പത്തികവർഷത്തിൽ കള്ളു വ്യവസായത്തിൽ നിന്ന് സർക്കാരിനു ലഭിച്ച വരുമാനം എത്രയാണ്?

ഉത്തരം

(എ) 2003-2004 സാമ്പത്തികവർഷത്തിൽ 1911.57 കോടി രൂപയുടെ 105.98 ലക്ഷം കെയ്സ് വിദേശമദ്യം വിൽപ്പന നടത്തിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിറ്റു വരവിന്റെ വിവരം ശേഖരിച്ചുവരുന്നു.

(ബി) 17.98 കോടി രൂപ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly